(ബി) കേരളത്തിൽ നിന്നും തമിഴ് നാട്ടിലേക്ക് ബോർഡ് കഴിഞ്ഞ വർഷം 395.274 ലിറ്റർ പാൽ കയറ്റി അയച്ചിട്ടുണ്ട്. ഈ ഇനത്തിൽ ബോർഡിന് വന്നിട്ടുള്ള നഷ്ടം 1.71 ലക്ഷം രൂപയാണ്.

കോളിയാട്ട് എസ്റ്റേറ്റുടമയ്ക്ക് ഗവൺമെന്റ് ജാമ്യത്തിൽ എ. ആർ. സി-യിൽ നിന്നും കൊടുത്ത തുക

1084 [1729] ശ്രീ. കെ. ടി. കുമാരൻ

,, എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂട്ടിയിട്ട കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് കോളിയാട്ട് എസ്റ്റേറ്റ് ഉടമയ്ക്ക് ഗവൺമെന്റ് ജാമ്യത്തിൽ എ. ആർ. സിയിൽ നിന്നും എത്ര ലക്ഷം രൂപ കൊടുത്തു;

(ബി) ഈ സംഖ്യ എസ്റ്റേറ്റ് ഉടമ തിരിച്ചു കൊടുത്തുവോ;

(സി) വായ്പാ സംഖ്യ എസ്റ്റേറ്റ് ഉടമ കൊടുക്കാത്തതുകൊണ്ട് ആ സംഖ്യ ഗവൺമെന്റുതന്നെ കൊടുക്കേണ്ടതായിവന്നു എന്നുള്ളത് ശരിയാണോ;

(ഡി) എങ്കിൽ ഗവൺമെന്റ് എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിന് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കോളിയാട്ട് എസ്റ്റേറ്റ് ഉടമ ശ്രീ. എ. ആർ. രാമവർമ്മ രാജായ്ക്ക് എ. ആർ. സി-യിൽ നിന്നും ഗവൺമെന്റ് ജാമ്യത്തിൽ 39.95 ലക്ഷം രൂപ കൊടുത്തു.

(ബി) ഇല്ല.

(സി) ശരിയാണ്.

(ഡി) എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിന് വേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുകഴിഞ്ഞു. എന്നാൽ ഗവൺമെന്റിന്റെ ഈ നീക്കത്തിനെതിരായി എസ്റ്റേറ്റ് ഉടമ തലശ്ശേരി സബ് കോടതിയിൽ O. S. 229/78 നമ്പരിൽ ഒരു കേസ് ഫയൽ ചെയ്തിരിക്കുകയാണ്. കേസ് നടന്നുകൊണ്ടിരിക്കുന്നു.

അഗ്രികൾച്ചറൽ ഡമോൺസ്ട്രേറ്റർമാർ

1085 [1731] ശ്രീ. എം. വി. രാജൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കൃഷി ഡിപ്പാർട്ടുമെന്റിൽ ആകെ എത്ര അഗ്രികൾച്ചറൽ ഡെമോൺസ്ട്രേറ്റർമാരുണ്ട്; അവരുടെ ഗ്രേഡ് തിരിച്ചുള്ള എണ്ണം എത്ര;

(ബി) ജൂനിയർ അഗ്രികൾച്ചറൽ ആഫീസർ മുതൽ അഡീഷണൽ ഡയറക്ടർ വരെയുള്ള സൂപ്പർവൈസറി ഓഫീസർമാർ എത്ര? ഓരോ ഗ്രേഡിലും എത്ര പേർ വീതം;

(സി) മലബാർ ഭാഗങ്ങളിലെ അഗ്രികൾച്ചറൽ ഡെമോൺസ്ട്രേറ്റർമാരുടെ ഒഴിവുകൾ നികത്തുന്നതിനുവേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly